ഭരണഭാഷ – മാതൃഭാഷ

നമ്പർ.കെ.എസ്.എ/എം.എൽ.പി4/720/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലബാർ ദേവസ്വം ഓഡിറ്റ് മേഖലാ കാര്യാലയം
പാലക്കാട്
തിയ്യതി : 11.02.2025
ഫോൺ : 0491 2527448
E mail : hrepalakkad@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

മാനേജർ
ശ്രീചെമ്പ്രക്കുളം അയ്യപ്പ ക്ഷേത്രം
കോട്ടായി
പാലക്കാട്

സർ,

വിഷയം :- കോട്ടായി ശ്രീചെമ്പ്രക്കുളം അയ്യപ്പ ക്ഷേത്രത്തിന്റെ 2022, 2023 വർഷങ്ങളിലെ വാർഷിക കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ അനുസരിച്ച് പുറപ്പെടുവിക്കുന്ന **ശ്രീചെമ്പ്രക്കുളം അയ്യപ്പ ക്ഷേത്രത്തിന്റെ 2022, 2023** വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് അയക്കുന്നു. ഈ റിപ്പോർട്ടിനുള്ള മറുപടി കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) അനുസരിച്ച് ഈ റിപ്പോർട്ട് കിട്ടി രണ്ടു മാസത്തിനകം പാലക്കാട് മലബാർ ദേവസ്വം ഓഡിറ്റ് മേഖലാ കാര്യാലയം ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ചുതരേണ്ടതാണ്.

വിശ്വസ്തതയോടെ,

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
2. കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ്, കോഴിക്കോട് (ഉപരിപത്രം സഹിതം)
3. അസിസ്റ്റന്റ് കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ്, പാലക്കാട്
4. കാര്യാലയ പകർപ്പ്

//സി പി//

File No. DKSA/2931/2025-MS-1 (Computer No. 25263)
Generated from eOffice by Romal Abraham, ITCELL 2-DKSA, ITCELL 2 DKSA, Directorate of Kerala State Audit on 12/11/2025 11:09 AM

നമ്പർ.കെ.എസ്.എ/എം.എൽ.പി4/720/2024 തിയ്യതി : 11.02.2025

പാലക്കാട് ജില്ല, ആലത്തൂർ താലൂക്ക്, ശ്രീചെമ്പ്രക്കുളം അയ്യപ്പ ക്ഷേത്രത്തിന്റെ 2022, 2023 വർഷങ്ങളിലെ വാർഷിക കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട് (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഓഡിറ്റിനു ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും	ശ്രീ.തുളസീദാസ്.വി.ജി ഡെപ്യൂട്ടി ഡയറക്ടർ.
ഓഡിറ്റ് ചെയ്ത ഉദ്യോഗസ്ഥർ	ശ്രീ.സുമേഷ്.എൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) ശ്രീ.ജിജീഷ്.എ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ഓഡിറ്റ് നടത്തിയ വർഷം	2022, 2023
ഓഡിറ്റിനു വിനിയോഗിച്ച ദിവസങ്ങൾ	26.7.24 മുതൽ 30.7.24 വരെ
ഓഡിറ്റ് കാലയളവിലെ ക്ഷേത്രഭരണാധികാരിയുടെ പേരും തസ്തിക പേരും	ശ്രീ.ജിതേഷ്.കെ, മാനേജർ 1.1.2022 മുതൽ 31.12.2023 വരെ

ഭാഗം – 1

1-1 ബജറ്റ്

1951 ലെ ഹിന്ദുമത ധർമ്മസ്ഥാപന നിയമം വകുപ്പ് [70(1)], മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ 29.12.2010-ലെ ജെ5/9364/09/MDB(1) സർക്കുലർ എന്നിവ പ്രകാരം കലണ്ടർ വർഷാരംഭത്തിന് 2 മാസം മുമ്പ് അതായത് ഒക്ടോബർ 31 നകം അടുത്ത വർഷത്തെ ബജറ്റ് തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിക്കേണ്ടതും അംഗീകാരത്തിനു വിധേയമായി മാത്രമേ ചെലവുകൾ ചെയ്യാവൂ എന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. ആയത് പ്രകാരം യഥാസമയം ബജറ്റ് സമർപ്പിച്ച് അംഗീകാരം വാങ്ങാത്ത ക്ഷേത്രങ്ങളുടെ ചെലവ് നിയമാനുസൃതം ആയിരിക്കില്ല എന്നും ആയതിന് ബന്ധപ്പെട്ടവർ വ്യക്തിപരമായി ഉത്തരവാദികളായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. ദേവസ്വത്തിൽ 2022 വർഷത്തെ ബജറ്റിന് അംഗീകാരം ലഭ്യമായിട്ടില്ല. പാലക്കാട് അസി.കമ്മീഷണറുടെ 6.2.23 ലെ എ 3-4734/2022/എം.ഡി.ബി(കെ.ഡിസ്) ഉത്തരവ് പ്രകാരം 2023 ലെ ബജറ്റിന് അംഗീകാരം ലഭ്യമായിട്ടുണ്ട്. ബജറ്റിന് അംഗീകാരമില്ലാതെ 2022 വർഷം ദേവസ്വത്തിൽ നടന്ന എല്ലാ ചെലവുകൾക്കും മലബാർ ദേവസ്വം ബോർഡിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതാണ്. 2023 വർഷത്തിൽ ബജറ്റിൽ അധികമായ ചെലവുകൾ ഇല്ല.

Generated from eOffice by Romal Abraham, ITCELL 2-DKSA, ITCELL 2 DKSA, Directorate of Kerala State Audit on 12/11/2025 11:09 AM

1-2 വാർഷിക കണക്കുകൾ

2022, 2023 വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് പരിശോധനക്കായി സമർപ്പിച്ചത് 1.4.24 ന് ആണ്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9, ഉപവകുപ്പ് (1), 1995 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 15(3) എന്നിവ പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകവും സാമ്പത്തിക വർഷം ബാധകമല്ലാത്ത സ്ഥാപനത്തിന് അക്കൗണ്ടിംഗ് വർഷം അവസാനിച്ച് 4 മാസത്തിനകവും വാർഷിക കണക്കുകൾ ഓഡിറ്റിനായി അയച്ചുതരേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ നിയമാനുസൃത സമയപരിധിക്കുള്ളിൽ വാർഷിക കണക്കുകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

1-3 ക്ഷേത്ര ഭരണം

ശ്രീചെമ്പ്രക്കുളം അയ്യപ്പക്ഷേത്രം സ്വയംഭൂ പ്രതിഷ്ഠയുള്ള കേരളത്തിലെ അപൂർവ്വം അയ്യപ്പക്ഷേത്രങ്ങളിലൊന്നാണ്. സമീപത്തായി ശ്രീ മഹാവിഷ്ണു ക്ഷേത്രവും ശ്രീ മഹാശിവ ക്ഷേത്രവും സ്ഥിതി ചെയ്യുന്നു. ഒ.എ.126/1947 ൽ തയ്യാറാക്കിയ ഒരു പദ്ധതിയുടെ അടിസ്ഥാനത്തിലാണ് ക്ഷേത്ര ഭരണം നടക്കുന്നത്. എക്സിക്യൂട്ടീവ് ഓഫീസറാണ് (മാനേജർ) ക്ഷേത്രത്തിന്റെ ദൈനംദിന ഭരണകാര്യങ്ങൾ നിർവ്വഹിക്കുന്നത്. ഓഡിറ്റ് കാലയളവിൽ ക്ഷേത്രം മാനേജർ സ്ഥാനം വഹിച്ചവരുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

ശ്രീ.ജിതേഷ്.കെ, മാനേജർ	1.1.2022 മുതൽ 31.12.2023 വരെ

മലബാർ ദേവസ്വം ബോർഡിന്റെ 10.11.21 ലെ A3/2435/2021/MDB/D-Dis ഉത്തരവ് പ്രകാരം താഴെ പറയുന്നവരെ ഉത്തരവ് തീയതി മുതൽ 2 വർഷത്തേക്ക് പാരമ്പര്യേതര ട്രസ്റ്റിമാരായി നിയമിച്ചിട്ടുണ്ട്.

1. ശ്രീ.കെ.പി.രവീന്ദ്രൻ, കോട്ടായി
2. ശ്രീ.സജി.എം.എം, മങ്ങാട്ട് തൊടി, പൊറ്റശ്ശേരി
3. ശ്രീ. രാമൻ.എ.കെ, കോട്ടായി
4. ശ്രീ. കെ.പി.കൃഷ്ണകുമാർ, കോട്ടായി (ചെയർമാൻ)

Generated from eOffice by Romal Abraham, ITCELL 2-DKSA, ITCELL 2 DKSA, Directorate of Kerala State Audit on 12/11/2025 11:09 AM

1-4 ക്ഷേത്രവുമായി ബന്ധപ്പെട്ട ഭൂമിയുടേയും വസ്തുവകകളുടേയും പണ്ടം, പാത്രം തുടങ്ങിയവയെക്കുറിച്ചുമുള്ള നിരീക്ഷണങ്ങൾ

ക്ഷേത്രത്തിലെ സ്വർണ്ണം, വെള്ളി മുതലായ വിലപിടിപ്പുള്ള വസ്തുക്കളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. രജിസ്റ്റർ ഭരണ വകുപ്പ് ഉദ്യോഗസ്ഥർ അവസാനം പരിശോധിച്ചത് 30.10.23 നാണ്. 4.11.23 ലെ വി.ആർ.നം.58/2023/പി.കെ.ഡി/എം.ഡി.ബി വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം **199.200 ഗ്രാം സ്വർണവും, 5845.800 ഗ്രാം വെള്ളിയും** ക്ഷേത്രത്തിലുണ്ട്.

ശ്രീചെമ്പുക്കുളം അയ്യപ്പ ക്ഷേത്രത്തിന് ശ്രീമഹാവിഷ്ണു ക്ഷേത്രം, ശ്രീസാമങ്കോട് ശിവ ക്ഷേത്രം, ആനിക്കോട് ശ്രീഅഞ്ചുമൂർത്തി ക്ഷേത്രം, ആനിക്കോട് ശ്രീകോതകുളങ്ങര ക്ഷേത്രം, ശ്രീകുറിച്ചി അയ്യപ്പ ക്ഷേത്രം എന്നിങ്ങനെ അഞ്ച് കീഴേടം ക്ഷേത്രങ്ങളുണ്ട് . ക്ഷേത്ര ഭൂമി സംബന്ധിച്ച ഏകദേശ വിവരം താഴെ ചേർക്കുന്നു.

ക്രമ നമ്പർ	ഭൂമിയുടെ വിവരം	വിസ്തീർണ്ണം
1	ശ്രീചെമ്പുക്കുളം അയ്യപ്പക്ഷേത്രവും, ക്ഷേത്രപ്പറമ്പും	2 ഏക്കർ 30 സെന്റ്
2	ശ്രീമഹാവിഷ്ണു ക്ഷേത്രം	1 ഏക്കർ 10 സെന്റ്
3	ശ്രീസാമങ്കോട് ശിവ ക്ഷേത്രം	40 സെന്റ്
4	ശ്രീഅഞ്ചുമൂർത്തി ക്ഷേത്രം, ആനിക്കോട്	53 സെന്റ്
5	ശ്രീകോതകുളങ്ങര ക്ഷേത്രം, ആനിക്കോട്	96 സെന്റ്
6	ശ്രീകുറിച്ചി അയ്യപ്പ ക്ഷേത്രം	5 സെന്റ്
7	ക്ഷേത്രക്കുളം	75 സെന്റ്

റീ സർവ്വേ നടത്തി ക്ഷേത്ര ഭൂമിയുടെ അതിരുകൾ കൃത്യമായി തിരിച്ച് ഭൂമി സംബന്ധിച്ച വിശദ വിവരങ്ങൾ ഭൂസ്വത്ത് രജിസ്റ്ററിൽ രേഖപ്പെടുത്തി മാനേജർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

1-5 പൊതു അവലോകനം

1. പുതുക്കിയ നിരക്കിലുള്ള വർഷാശനം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. വർഷാരംഭത്തിന് 2 മാസം മുൻപ് അതായത് ഒക്ടോബർ 31 നകം അടുത്ത വർഷത്തെ ബജറ്റ് തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിക്കേണ്ടതും അംഗീകാരത്തിനു വിധേയമായി മാത്രം ചെലവുകൾ ചെയ്യേണ്ടതുമാണ്.

Generated from eOffice by Romal Abraham, ITCELL 2-DKSA, ITCELL 2 DKSA, Directorate of Kerala State Audit on 12/11/2025 11:09 AM

3. വാർഷിക കണക്കുകൾ അക്കൗണ്ടിംഗ് വർഷം കഴിഞ്ഞ് 4 മാസത്തിനകം ഓഡിറ്റിന് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.
4. വഴിപാട് പട്ടിക നിരക്ക് പുതുക്കേണ്ടതാണ്.

1-6 രജിസ്റ്ററുകളുടേയും രേഖകളുടേയും സൂക്ഷിപ്പ്

രജിസ്റ്ററുകൾ തൃപ്തികരമായി സൂക്ഷിക്കുന്നുണ്ട്.

ഭാഗം 2

വരവിനങ്ങളിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 ക്യാഷ് വെരിഫിക്കേഷൻ

കോട്ടായി ശ്രീചെമ്പ്രക്കുളം അയ്യപ്പ ക്ഷേത്രത്തിന്റെ 2022, 23 വർഷങ്ങളിലെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.7.24 രാവിലെ 11 മണിക്ക് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. **4075/-** രൂപ ക്യാഷ് ദേവസ്വം രേഖകളിലെ വരവുമായി പൊരുത്തപ്പെടുന്നുണ്ട്.

2-2 സർക്കാർ ധനസഹായം

ഓഡിറ്റ് വർഷങ്ങളിൽ സർക്കാരിൽ നിന്നും ക്ഷേത്രത്തിന് ലഭിച്ച ധനസഹായ വിവരം ചുവടെ ചേർക്കുന്നു.

വർഷം	ധനസഹായ വിവരം	തുക	വരവുപിടിച്ച വിവരം	അക്കൗണ്ട് വിവരം
2022	ജീർണ്ണോദ്ധാരണം	70000	28.3.22	സി.എസ്.ബി, കോട്ടായി- 190001
ആകെ		**70000**		

Generated from eOffice by Romal Abraham, ITCELL 2-DKSA, ITCELL 2 DKSA, Directorate of Kerala State Audit on 12/11/2025 11:09 AM

2-3 വർഷാശനം

1674/70 റവന്യു (ആർ) വകുപ്പ് ജി ഒ (എം.എസ്) 491/97 ആർഡി തീയതി 3.7.1997 പ്രകാരം ക്ഷേത്രത്തിന്റെ അന്തിമ വർഷാശനം 10521/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. 2011 ന് ശേഷം വർഷാശനം ലഭ്യമായിട്ടില്ല.06.01.19 ലെ ജി ഒ(പി) നം.12/2009/ആർ ഡി ഉത്തരവ് പ്രകാരം വർഷാശനം ലഭിച്ചു കൊണ്ടിരിക്കുന്ന ദേവസ്വത്തിന് 2006 മുതൽ അഞ്ച് വർഷത്തേക്ക് മൂന്ന് മടങ്ങ് വർദ്ധിപ്പിച്ച വർഷാശനത്തിനും അതിനു ശേഷം ഓരോ അഞ്ച് വർഷം പൂർത്തിയാകുന്ന മുറക്ക് 25% വർദ്ധിപ്പിച്ച വർഷാശനത്തിനും അർഹതയുണ്ട്. പുതിയ നിരക്കിലുള്ള വർഷാശനം ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2-4 മാനേജ്മെന്റ് ഫണ്ട്

ഓഡിറ്റ് വർഷത്തിൽ ക്ഷേത്രത്തിന് ലഭിച്ച മാനേജ്മെന്റ് ഫണ്ടിന്റെ വിവരം ചുവടെ ചേർക്കുന്നു.

2022					
ധനസഹായ വിവരം	**തുക**	**വരവുപിടിച്ച വിവരം**	**അക്കൗണ്ട്**	**നൽകിയ തീയതി**	**നൽകിയ തുക**
ശമ്പളകുടിശ്ശിക	285081	7.6.22	സി.എസ്.ബി, കോട്ടായി- 190001	21.7.22	345249
ശമ്പളകുടിശ്ശിക	143064	18.7.22	സി.എസ്.ബി, കോട്ടായി- 190001	21.7.22	
ഉത്സവബത്ത	36000	3-9-22	സി.എസ്.ബി, കോട്ടായി- 190001	5.9.22	39500
2023					
ശമ്പളകുടിശ്ശിക	352957	27.2.23	സി.എസ്.ബി, കോട്ടായി- 190001	27.3.23	293224
ശമ്പളകുടിശ്ശിക	24720	28.3.23	സി.എസ്.ബി, കോട്ടായി- 190001	4.4.23	57497
ഉത്സവബത്ത	45500	28.8.23	സി.എസ്.ബി, കോട്ടായി- 190001	28.8.23	45500
ശമ്പളകുടിശ്ശിക അഡ്വാൻസ്	105887	27.3.23	സി.എസ്.ബി, കോട്ടായി- 190001	4.3.24	തൻവർഷം നൽകിയിട്ടില്ല

Generated from eOffice by Romal Abraham, ITCELL 2-DKSA, ITCELL 2 DKSA, Directorate of Kerala State Audit on 12/11/2025 11:09 AM

2-5 വായ്പ

ഇല്ല

2-6 ഓഡിറ്റ് റിക്കവറി

ഇല്ല

2-7 ജാമ്യസംഖ്യ

വരവു സമാഹരണത്തിന്റേയും വില പിടിപ്പുള്ള വസ്തുവകകളുടേയും ചുമതലയുള്ള ജീവനക്കാരിൽ നിന്നും 1951 ലെ ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പു നിയമം സെക്ഷൻ 100(2)(വൈ) അനുശാസിക്കുന്ന ജാമ്യസംഖ്യ / കരുതൽ ധാരണാപത്രം (1)ശ്രീമതി.ശോഭ.ജി, ക്ലാർക്ക് (2)ശ്രീമതി.സരസ്വതി, അടിച്ചുതളി എന്നിവരിൽ നിന്നും ഈടാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. മറ്റ് ജീവനക്കാരിൽ നിന്നുള്ള ജാമ്യനിക്ഷേപം കൂടി ഈടാക്കേണ്ടതാണ്.

ഭാഗം 3
ചെലവിനങ്ങളിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 വഴിപാട് പട്ടിക പുതുക്കിയിട്ടില്ല-പരിഹാര നടപടികൾ ഉണ്ടാവേണ്ടതാണ്

ക്ഷേത്രത്തിൽ വഴിപാട് പട്ടിക അവസാനമായി പുതുക്കിയത് 01.03.2020 നാണ്. അതിനു ശേഷം ഏകദേശം 4 വർഷം കഴിഞ്ഞിട്ടും വഴിപാട് പട്ടിക പുതുക്കാതെ തുടരുന്നു. നിലവിലെ വഴിപാട് നിരക്ക് അനുസരിച്ച് ചുറ്റുവിളക്ക്, ദീപസ്തംഭം എന്നിയുടെ നിരക്ക് യഥാക്രമം 5000/-രൂപയും 300/- രൂപയുമാണ്. ചെലവുമായി തട്ടിച്ചു നോക്കുമ്പോൾ നാമമാത്രമായ മിച്ചമാണ് ഉണ്ടാവുന്നത്. ദീപസ്തംഭം കത്തിക്കാനുള്ള കൂലി, എണ്ണ ചെലവ്, വൃത്തിയാക്കൽ ചെലവ് എന്നിവ കണക്കിലെടുത്ത് ദേവസ്വം വിഹിതമായി 30% രൂപയെങ്കിലും ലഭിക്കത്തക്കവിധം വഴിപാടു നിരക്കുകൾ പുതുക്കി നിശ്ചയിക്കേണ്ടതാണ്. ഇതുസംബന്ധിച്ച് നൽകിയ എൻക്വയറിക്ക് **(നം: 4 തിയതി 28.07.2024)** ലഭ്യമാക്കിയ മറുപടിയിൽ വഴിപാടു നിരക്കുകൾ പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന്റെ അംഗീകാരത്തോടെ നിരക്കു വർദ്ധന പ്രാബല്യത്തിൽ കൊണ്ടുവരേണ്ടതാണ്.

Generated from eOffice by Romal Abraham, ITCELL 2-DKSA, ITCELL 2 DKSA, Directorate of Kerala State Audit on 12/11/2025 11:09 AM

3-2 ടി.എ ബിൽ സമർപ്പിക്കാതെ യാത്രാപ്പടി കൈപ്പറ്റിയത് ക്രമപ്രകാരമല്ല- ചെലവു തുക തടസ്സപ്പെടുത്തുന്നു

2021 കലണ്ടർ വർഷത്തിൽ താഴെ പറയുന്ന തിയ്യതികളിൽ പാലക്കാടുനിന്നും കോട്ടായിലേക്ക് യാത്ര ചെയ്ത വകയിൽ ക്ഷേത്രം മാനേജർ 5500/- രൂപ യാത്രാപ്പടിയായി കൈപ്പറ്റിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

യാത്രാ തിയ്യതി	തുക	വൗച്ചർ നമ്പർ, തിയ്യതി	കൈപ്പറ്റിയ ഉദ്യോഗസ്ഥൻ
09.01.2021	500		
19.01.2021	500		
09.02.2021	500		
24.02.2021	500		
13.03.2021	500		ശ്രീ.ജിതേഷ്
28.03.2021	500	31/05.02.2022	മാനേജർ
12.04.2021	500		ശ്രീചെമ്പ്രക്കുളം ദേവസ്വം
17.08.2021	500		
10.11.2021	500		
30.11.2021	500		
16.12.2021	500		
ആകെ	**5500**		

ശ്രീചെമ്പ്രക്കുളം ദേവസ്വം മാനേജരായ ശ്രീ.ജിതേഷ് 2021 വർഷത്തിൽ മേൽപ്പറഞ്ഞ തിയതികളിലായി 11 തവണ ക്ഷേത്രത്തിൽ വന്നു പോകുന്നതിന് ക്ഷേത്രഫണ്ടിൽ നിന്നും യാത്രാപ്പടി കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ യാത്രയുടെ ഉദ്ദേശ്യം, യാത്ര ചെയ്ത സമയം, എന്നിവ വ്യക്തമാക്കി ടി.എ ബിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മലബാർ ദേവസ്വം ബോർഡ് 3000/-രൂപയുടെ ചെലവ് അംഗീകരിച്ചിട്ടുണ്ട്. ബാക്കി തുകയ്ക്ക് അംഗീകാരം വാങ്ങിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അംഗീകാരം ലഭിച്ച തുകയേക്കാൾ അധികമായി 2500/-രൂപ യാത്രാപ്പടി കൈപ്പറ്റിയത് ക്രമപ്രകാരമല്ലാത്തതിനാൽ ഈ ചെലവ് **(ആകെ 2500/- രൂപ)** ഓഡിറ്റിൽ തടസ്സപ്പെടുത്താതിരിക്കാൻ കാരണമുണ്ടെങ്കിൽ ആയത് വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് **(നം: 2 തി 25.07.2024)** ലഭ്യമാക്കിയ മറുപടിയിൽ ടി.എ. ബിൽ സമർപ്പിച്ചിരുന്നുവെന്നും ആയതിന് അംഗീകാരം ലഭിച്ചില്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്. യാത്രാപ്പടി ഇനത്തിൽ ബോർഡിൽ നിന്നും അംഗീകരിക്കാത്ത 2500/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് ബന്ധപ്പെട്ട മാനേജർ തിരികെ അടവാക്കേണ്ടതാണ്.

Generated from eOffice by Romal Abraham, ITCELL 2-DKSA, ITCELL 2 DKSA, Directorate of Kerala State Audit on 12/11/2025 11:09 AM

3-3 ട്രഷറി അക്കൗണ്ടിലെ നീക്കിയിരിപ്പു തുക സർക്കാർ അക്കൗണ്ടിലേക്ക് മാറ്റിയത് നാളിതുവരെയായി തിരികെ ലഭിച്ചിട്ടില്ല

ദേവസ്വത്തിന്റെ പേരിൽ പാലക്കാട് ജില്ലാ ട്രഷറിയിൽ (A/c No.STSB 109) നീക്കിയിരിപ്പുണ്ടായിരുന്ന 108614/-രൂപ സർക്കാർ 21.03.2022 തിയ്യതിയിൽ താൽക്കാലികമായി വക മാറ്റിയിരുന്നു. ഈ തുക നാളിതുവരെയായി തിരികെ ലഭിച്ചിട്ടില്ല. ക്ഷേത്രത്തിൽ നിന്നും ഇതു സംബന്ധിച്ച് കത്തിടപാടുകളൊന്നും നടന്നിട്ടില്ല. അസിസ്റ്റന്റ് കമ്മീഷണർ/കമ്മീഷണറുടെ കാര്യാലയം മുഖേന സർക്കാരിലേക്ക് ഒരു നിവേദനം നൽകി നഷ്ടമായ തുക തിരികെ ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നിലവിലെ വിവരം അറിയിക്കേണ്ടതാണ്.

3-4 അംശാദായം

ഇല്ല

3-5 ക്ഷേമനിധി

ഇല്ല

3-6 ഓഡിറ്റ് ചാർജ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 19 പ്രകാരവും 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരവും താഴെപറയുന്ന വിധം ഒടുക്കാൻ ബാക്കിയുള്ള ഓഡിറ്റ് ചാർജ് 0070-60-110-98 എന്ന ഖജാന ശീർഷകത്തിൽ ചലാൻ മുഖാന്തിരം ഖജനാവിൽ ഒടുക്കേണ്ടതാണ്. ഒടുക്കേണ്ട ഓഡിറ്റ് ചാർജിന്റെ വിവരം ചുവടെ കൊടുക്കുന്നു.

വർഷം	സാധാരണ വരുമാനം	ഓഡിറ്റ് ചാർജ് നിരക്ക്	ഓഡിറ്റ് ചാർജ്
2022	1250405	1%	12504
2023	1151754.50	1%	11518
		ആകെ	24022
		മുൻവർഷം വരെ ഒടുക്കാൻ ബാക്കിയുള്ളത്	106610
		ആകെ	130632
		ഒടുക്കിയ തുക	0
		ഒടുക്കാൻ ബാക്കി	**130632**

Generated from eOffice by Romal Abraham, ITCELL 2-DKSA, ITCELL 2 DKSA, Directorate of Kerala State Audit on 12/11/2025 11:09 AM

ഒടുക്കാൻ ബാക്കിയുള്ള തുകകളുടെ വിശദവിവരം

വർഷം	തുക
2004 വരെ	8575.00
2005	956.00
2006	923.00
2007	1279.00
2008	1445.00
2009	2133.00
2010	3658.00
2011	4363.00
2012	4965.00
2013	5842.00
2014	6020.00
2015	7955.00
2016	7872.00
2017	8751.00
2018	7783.00
2019	8413.00
2020	13719.00
2021	11958.00
2022	12504.00
2023	11518.00
ആകെ	**130632**

ഓഡിറ്റ് ചാർജ് അടിയന്തിരമായി ഒടുക്കേണ്ടതും തുക അടവാക്കിയ ചലാന്റെ പകർപ്പ്/GRN/Reference Number എന്നിവയിൽ ഏതിന്റെയെങ്കിലും വിവരം പരിശോധനക്കായി ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതുമാണ്.

Generated from eOffice by Romal Abraham, ITCELL 2-DKSA, ITCELL 2 DKSA, Directorate of Kerala State Audit on 12/11/2025 11:09 AM

ഭാഗം 4

4-1 ധനസ്ഥിതി

വർഷം	2022	2023
മുന്നിരിപ്പ്	402276.27	485449.87
തൻവർഷ വരവ്	1794550	1680818.50
ആകെ വരവ്	2196826.27	2166268.37
ആകെ ചെലവ്	1711376.40	1765231.70
നീക്കിയിരിപ്പ്	485449.87	401036.67

4-2 ഓഡിറ്റ് അവലോകനം

വർഷം	2022	2023
ആകെ വരവ്	1794550	1680818.50
ആകെ ചെലവ്	1711376.40	1765231.70

ആകെ നിരാകരിച്ച തുക - 2500/- രൂപ

തടസ്സപ്പെടുത്തിയ തുക - ഇല്ല

നഷ്ടമായ തുക - ഇല്ല

4-3 നിർമ്മാണ തൊഴിലാളി ക്ഷേമനിധിക്കുള്ള നഷ്ടം

ഇല്ല

4-4 നഷ്ടം നിർണ്ണയിക്കാൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

Generated from eOffice by Romal Abraham, ITCELL 2-DKSA, ITCELL 2 DKSA, Directorate of Kerala State Audit on 12/11/2025 11:09 AM

4-5 ഓഡിറ്റിൽ നിരാകരിച്ചതിന്റേയും തടസ്സപ്പെടുത്തിയതിന്റേയും വിവരം

ഖണ്ഡിക നമ്പർ	നിരാകരിച്ച തുക	തടസ്സപ്പെടുത്തിയ തുക	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസവും
3-2	2500	ഇല്ല	ശ്രീ. ജിതേഷ്. കെ മാനേജർ അർച്ചന, മാനന്തവാടി, കുന്ദമംഗലം (പി.ഒ) വയനാട് - 670645

4-6 നഷ്ടത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസവും സ്ഥിരം മേൽവിലാസവും

ഇല്ല

4-7 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

വർഷം	തടസ്സവാദങ്ങളുടെ എണ്ണം	വരവിലെ നഷ്ടം	നിരാകരിച്ച തുക	തടസ്സപ്പെടുത്തിയ തുക
2005-2017	0	0	0	0
2018-2021	0	0	0	0
ആകെ	-	-	-	-

4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 അനുബന്ധം

വരവു ചെലവു പത്രിക, സ്ഥിരനിക്ഷേപ പത്രിക

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

Generated from eOffice by Romal Abraham, ITCELL 2-DKSA, ITCELL 2 DKSA, Directorate of Kerala State Audit on 12/11/2025 11:09 AM

ശ്രീചെമ്പ്രക്കുളം അയ്യപ്പ ക്ഷേത്രം
വരവ് ചെലവ് പത്രിക 2022

വരവ്	തുക	ചെലവ്	തുക
മുന്നിരിപ്പ് ക്യാഷ്	**2800.00**	ശമ്പളം	588000.00
ബാങ്ക്	**399476.27**	താൽക്കാലികക്കാർക്ക് വേതനം	140538.00
വഴിപാട് വരവ്	1027071.00	വഴിപാട് ചെലവ്	306092.00
അഗ്രശാല വാടക	22500.00	പ്രതിഫലം	40120.00
നാളികേരം,നെല്ല് വിറ്റ വരവ്	25945.00	പ്രിന്റിംഗ്	17216.00
പലിശ	10516.00	കറന്റ് ചാർജ്	20225.00
സംഭാവന	2590.00	സ്റ്റേഷനറി	3513.00
ഭണ്ഡാരം	141615.00	ലീവ് സറണ്ടർ	16587.00
പലവക	20168.00	നികുതി	1375.00
		ദക്ഷിണ	32671.00
		പലവക	51037.00
		ബാങ്ക് ചാർജ്ജസ്	639.40
സാധാരണ വരവ്	**1250405.00**	**സാധാരണ ചെലവ്**	**1218013.40**
ഉത്സവ ബത്ത	36000.00	ഉത്സവബത്ത	39500.00
ശമ്പളകുടിശ്ശിക	428145.00	കുടിശ്ശിക നൽകിയത്	345249.00
ഗ്രാന്റ്	70000.00	ട്രഷറി അക്കൗണ്ടിൽ നിന്ന് താൽക്കാലികമായി സർക്കാർ വകമാറ്റിയ തുക	108614.00
മുൻ വർഷം ക്ഷേമ നിധി അടച്ച തുക പണമാക്കാത്തതിനാൽ വരവിൽ പിടിച്ചത്*	10000.00		
ആകെ വരവ്	**1794550.00**	**ആകെ ചെലവ്**	**1711376.40**
		നീക്കിയിരിപ്പ്: ക്യാഷ്	2336.00
		ബാങ്ക്	483113.87
മുന്നിരിപ്പുൾപ്പെടെ ആകെ വരവ്	**2196826.27**	**നീക്കിയിരിപ്പുൾപ്പെടെ ആകെ ചെലവ്**	**2196826.27**

(* ചെക്ക് നമ്പർ 143590 തിയ്യതി 11.12.2017 നൽകിയത്)

Generated from eOffice by Romal Abraham, ITCELL 2-DKSA, ITCELL 2 DKSA, Directorate of Kerala State Audit on 12/11/2025 11:09 AM

നീക്കിയിരിപ്പ് വിശദാംശം 31.12.2022

ക്രമ നം.	ബാങ്കിന്റെ പേര്, അക്കൗണ്ട് നമ്പർ	തുക
1	പി.ഡി.സി ബാങ്ക്,പാലക്കാട്- അക്കൗണ്ട് നമ്പർ 6	54.87
2	കോട്ടായി സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ട് നമ്പർ 965	444.70
3	കാത്തലിക് സിറിയൻ ബാങ്ക് അക്കൗണ്ട് നമ്പർ 190001	482614.30
4	ട്രഷറി അക്കൗണ്ട് നമ്പർ 109	00.00
	ആകെ	**483113.87**

23.02.2022-ൽ ജില്ലാ ട്രഷറിയിൽ (പാലക്കാട്) അക്കൗണ്ട് നമ്പർ STSB 109-ൽ ആകെ നീക്കിയിരിപ്പുണ്ടായിരുന്ന 108614/- രൂപ സർക്കാർ പിൻവലിച്ചിരുന്നു. പ്രസ്തുത തീയതി മുതൽ നീക്കിയിരിപ്പ് '0' ആണ്. ട്രഷറി ചെക്ക് നമ്പർ 143590 തീയതി 11.12.2017 തീയതിയിൽ ക്ഷേമനിധി വിഹിതം 10000/- രൂപ അടവാക്കിയത് encash ചെയ്യാത്തതിനാൽ ടി തുക ട്രഷറി നീക്കിയിരിപ്പിൽ ഉൾപ്പെട്ടിട്ടുണ്ട്. ഈ തുക 31.12.2021-ലെ ട്രഷറി നീക്കിയിരിപ്പ് 98614/- രൂപയോടൊപ്പം ചേർത്ത് ആകെ 108614 രൂപയാണ് ട്രഷറി അക്കൗണ്ടിൽ ഉള്ളത്.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

Generated from eOffice by Romal Abraham, ITCELL 2-DKSA, ITCELL 2 DKSA, Directorate of Kerala State Audit on 12/11/2025 11:09 AM

ശ്രീചെമ്പ്രക്കുളം അയ്യപ്പ ക്ഷേത്രം

വരവ് ചെലവ് പത്രിക 2023

വരവ്	തുക	ചെലവ്	തുക
നീക്കിയിരിപ്: ക്യാഷ്	**2336.00**	ശമ്പളം	624000.00
ബാങ്ക്	**483113.87**	താൽക്കാലികക്കാർക്ക് വേതനം	153432.00
വഴിപാട് വരവ്	917578.00	വഴിപാട് ചെലവ്	272510.00
അഗ്രശാല വാടക	12500.00	പ്രതിഫലം	125715.00
നാളികേരം,നെല്ല് വിറ്റ വരവ്	25517.00	സ്റ്റേഷനറി	3473.00
പലിശ	9357.00	കറന്റ് ചാർജ്	17565.00
സംഭാവന	4375.00	ദക്ഷിണ	23419.00
ഭണ്ഡാരം	161149.00	പ്രിന്റിംഗ്	17534.00
പലവക	21278.50	റിപ്പയർ	68975.00
		നികുതി	1142.00
		ലീവ് സറണ്ടർ	20033.00
		ബാങ്ക് ചാർജ്ജസ്	1917.70
		പലവക	39295.00
സാധാരണ വരവ്	**1151754.50**	**സാധാരണ ചെലവ്**	**1369010.70**
ഉത്സവ ബത്ത	45500.00	ഉത്സവബത്ത	45500.00
ശമ്പളകുടിശ്ശിക (105887+377677)	483564.00	കുടിശ്ശിക നൽകിയത്	350721.00
ആകെ വരവ്	**1680818.50**	**ആകെ ചെലവ്**	**1765231.70**
		നീക്കിയിരിപ്പ്: ക്യാഷ്	7592.00
		ബാങ്ക്	393444.67
മുന്നിരിപ്പുൾപ്പെടെ ആകെ വരവ്	**2166268.37**	**നീക്കിയിരിപ്പുൾപ്പെടെ ആകെ ചെലവ്**	**2166268.37**

File No. DKSA/2931/2025-MS-1 (Computer No. 25263)

Generated from eOffice by Romal Abraham, ITCELL 2-DKSA, ITCELL 2 DKSA, Directorate of Kerala State Audit on 12/11/2025 11:09 AM

നീക്കിയിരിപ്പ് വിശദാംശം 31.12.2023

ക്രമ നം.	ബാങ്കിന്റെ പേര് , അക്കൗണ്ട് നമ്പർ	തുക
1	പി.ഡി.സി ബാങ്ക്,പാലക്കാട്- അക്കൗണ്ട് നമ്പർ 6	54.87
2	കോട്ടായി സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ട് നമ്പർ 965	444.70
3	കാത്തലിക് സിറിയൻ ബാങ്ക് അക്കൗണ്ട് നമ്പർ 190001	392945.10
4	ട്രഷറി അക്കൗണ്ട് നമ്പർ 109	00.00
	ആകെ	393444.67

ജാമ്യനിക്ഷേപം

കോട്ടായി സർവ്വീസ് സഹകരണ ബാങ്ക്

പേര്	എഫ് ഡി നമ്പർ, തീയതി	തുക	പലിശ നിരക്ക്	കാലാവധി
ശ്രീമതി ശോഭ.ജി ക്ലാർക്ക്	001002047804/ 28.02.2020	5000	7.5%	14.2.25
ശ്രീമതി സരസ്വതി അടിച്ചു തളി	001002047837/ 28.02.2020	1000	7.5%	28.2.25

സ്ഥിരനിക്ഷേപ പത്രിക 31.12.2023

1. പി.ഡി.സി ബാങ്ക് FD No. 1199/03.02.1986 - തുക 1950
2. എൽ.എ.ഒ.പി
   601/466/54 - തുക 2744
   669/466/54 - തുക 1030
   670/466/54 - തുക 750

സ്ഥിരനിക്ഷേപത്തിന്റെ രശീതിയോ, കോടതി നിക്ഷേപവുമായി ബന്ധപ്പെട്ട വിവരങ്ങളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് ഒരു രേഖകളും ദേവസ്വത്തിൽ സൂക്ഷിച്ചിട്ടില്ല. മുൻ റിപ്പോർട്ടിൽ (2004-ലെ ഓഡിറ്റ് റിപ്പോർട്ട്) നിന്നാണ് വിവരങ്ങൾ ചേർത്തിട്ടുള്ളത്.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

Generated from eOffice by Romal Abraham, ITCELL 2-DKSA, ITCELL 2 DKSA, Directorate of Kerala State Audit on 12/11/2025 11:09 AM

ചോദ്യാവലി

(1951 ലെ ഹിന്ദുമത ധർമ്മസ്ഥാപന നിയമത്തിലെ വകുപ്പ് 100(2) (എൻ) ചട്ടം 5 പ്രകാരം പുറപ്പെടുവിക്കുന്ന ഹിന്ദുമത ധർമ്മ സ്ഥാപനങ്ങളുടെ കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ കൂടെ സമർപ്പിക്കേണ്ടത്)

സ്ഥാപനത്തിന്റെ പേര് : **ശ്രീചെമ്പുക്കുളം അയ്യപ്പക്ഷേത്രം, കോട്ടായി**		
ഓഡിറ്റ് റിപ്പോർട്ട് കാലയളവ് :2022, 23		
ക	കമ്മീഷണർ സൂക്ഷിക്കുവാനാവശ്യപ്പെട്ട പ്രകാരമുള്ള അക്കൗണ്ടുകളും രജിസ്റ്ററുകളും സൂക്ഷിച്ചിട്ടുണ്ടോ എന്ന്	ഉണ്ട്
ഖ	സ്ഥാപനത്തിന്റെ ആവശ്യത്തിനായി ഉപയോഗിക്കാത്ത എല്ലാ സ്ഥാവര വസ്തു ക്കളും മൽസ്യബന്ധനാവകാശം, ഗ്രാമീണ കുളങ്ങളിൽ വളരുന്ന നീളമേറിയ പുല്ലിന്മേലുള്ള അവകാശം, വൃക്ഷങ്ങളുടെ ഫലങ്ങളിന്മേലുള്ള അവകാശം തുടങ്ങിയവ നിർദ്ദിഷ്ട രീതിയിലും സ്ഥാപനത്തിന്റെ നേട്ടത്തിനുതകും വണ്ണവും പാട്ടത്തിന് നൽകിയിട്ടുണ്ടോയെന്നും എല്ലാ സംഗതികളിലും പാട്ടകരാർ നടപ്പി ലാക്കിയിട്ടുണ്ടോയെന്നും ഏതെങ്കിലും സംഗതിയിൽ അത്തരം വസ്തുവകകൾ പാട്ടത്തിന് നൽകാതിരിക്കുകയോ പാട്ടക്കരാർ നടപ്പിൽ വരുത്താതിരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത്തരം സംഗതികളുടെ വിവരം	ഇല്ല
ഗ	സ്ഥാപനത്തിലേക്ക് വരേണ്ടുന്ന വിവിധ രീതിയിലുള്ള വരുമാനങ്ങൾ യഥാസമയം മുതൽ കൂട്ടിയിട്ടുണ്ടോ, കാലപരിധി ലംഘിച്ച തുകകൾ തിരിച്ചീടാക്കുവാൻ വേണ്ട നടപടികൾസ്വീകരിച്ചിട്ടുണ്ടോയെന്നും ഇല്ലായെങ്കിൽ ഏതൊരു സംഗതികളിലാണ് അത്തരം നടപടി സ്വീകരിക്കാതിരുന്നത് എന്നത്	ബാധകമല്ല
ഘ	ഏതെങ്കിലും അവകാശ വാദങ്ങൾ കാലഹരണ നിയമ പ്രകാരം കാലഹരണപ്പെട്ടുപോയി എങ്കിൽ അത്തരം സംഗതികളുടെ വിവരം	ഇല്ല
ങ	എല്ലാ വരവുകളും കാലവിളംബം കൂടാതെ കണക്കിൽ വരുത്തിയിട്ടുണ്ടോ എന്നത്	ഉണ്ട്
ച	ഏതെങ്കിലും അവകാശവാദങ്ങൾ എഴുതി തള്ളിയിട്ടുണ്ടെങ്കിൽ അത് എത്രയെന്നും എന്തിന്റെ അടിസ്ഥാനത്തിലെന്നും	ഇല്ല
ഛ	അംഗീകൃത ബഡ്ജറ്റിനനുസൃതമായാണോ ചെലവുകൾ എന്നും പ്രസ്തുത ബഡ്ജറ്റിൽ നിന്നും വല്ല വ്യതിയാനവുമുണ്ടെങ്കിൽ ആയവ എന്തെന്നും	ഖണ്ഡിക 1-1 കാണുക
ജ	എല്ലാ ചെലവിനങ്ങളും അതുമായി ബന്ധപ്പെട്ട അധികാരി അനുവദിച്ചിട്ടുണ്ടോ യെന്നും അതിൻ ഉപോൽബലകമായി ശരിയായ വൗച്ചറുകൾ ഉണ്ടോയെന്നും	ഉണ്ട്
ഝ	ഏതെങ്കിലും ചെലവിനം ഓഡിറ്ററുടെ അഭിപ്രായത്തിൽ പ്രഥമദൃഷ്ട്യാ പാഴ്ചെലവ് ആണോയെന്ന്	ഇല്ല

Generated from eOffice by Romal Abraham, ITCELL 2-DKSA, ITCELL 2 DKSA, Directorate of Kerala State Audit on 12/11/2025 11:09 AM

ഞ	സ്ഥാപനത്തിന്റേതല്ലാത്ത ആവശ്യത്തിന് ഏതെങ്കിലും ഫണ്ടുകളും വസ്തുവകകളും വകമാറ്റിയിട്ടുണ്ടോ എന്ന്	ഇല്ല
ട	മുൻകൂർ സംഖ്യകൾ തിരിച്ചു പിടിക്കുകയോ താമസംവിനാ ക്രമീകരിക്കുകയോ ചെയ്തിട്ടുണ്ടോ എന്ന്	ബാധകമല്ല
ഠ	അടിയന്തിര ചെലവിന് ആവശ്യമില്ലാത്ത തുക ബാങ്കിൽ അടച്ചിട്ടുണ്ടോ എന്നും അധിക ഫണ്ടുകൾ നിക്ഷേപിച്ചിട്ടുണ്ടോ എന്നും	ഉണ്ട്
ഡ	എല്ലാ സംഭാവനകളും കാണിക്ക വസ്തുക്കളും കണക്കിൽ വരവ് വെച്ചിട്ടുണ്ടോ എന്ന്	ഉണ്ട്
ഢ	കെട്ടിട പ്രവൃത്തികളുടെ കാര്യത്തിൽ അന്തിമഗഡു തീർപ്പാക്കുന്നതിന് മുന്നെ അളവ് പരിശോധന നടത്തിയിട്ടുണ്ടോ എന്നും കൂടാതെ ആവശ്യമായ അനുബന്ധ കണക്കുകളും അളവ് പുസ്തകം, നീക്കിയിരിപ്പ് പുസ്തകം, കൂലിപ്പട്ടിക തുടങ്ങിയ രജിസ്റ്ററുകളും ദർഘാസ് സമ്മതപത്രം മുതലായവയും സൂക്ഷിച്ചിട്ടുണ്ടോയെന്നും	ബാധകമല്ല
ണ	വരവ് സമാഹരണത്തിന്റെയോ വില പിടിപ്പുള്ള വസ്തുവകകളുടേയോ ചുമതലയുള്ള ജീവനക്കാരിൽ നിന്നും കരുതൽ ധനം സ്വീകരിച്ചിട്ടുണ്ടോയെന്നും കരുതൽ ധാരണാപത്രം തയ്യാറാക്കിയിട്ടുണ്ടോയെന്നും	ഉണ്ട് ഖണ്ഡിക 2-7
സ	സ്ഥാപനം ഭരിക്കപ്പെടുന്നത് ഏതെങ്കിലും പദ്ധതി പ്രകാരമോ വിജ്ഞാപന പ്രകാരം തയ്യാറാക്കിയ ചട്ടങ്ങൾ പ്രകാരമോ ആണെങ്കിൽ ഏതെങ്കിലും പദ്ധതി നിർദ്ദേശങ്ങളിൽ വല്ല ലംഘനവും ഉണ്ടായിട്ടുണ്ടോ എന്ന്	ബാധകമല്ല

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

Generated from eOffice by Romal Abraham, ITCELL 2-DKSA, ITCELL 2 DKSA, Directorate of Kerala State Audit on 12/11/2025 11:09 AM